"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പത്തൊൻപതാമത് അയിരൂർ കഥകളി മേളയ്ക്ക് പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3022/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ് സെക്രട്ടറിയുടെ 27.09.2025 തീയതിയിലെ അപേക്ഷ .

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിലുള്ള പത്തൊൻപതാമത് കഥകളിമേള 2026 ജനുവരി 5 മുതൽ 11 വരെ അയിരൂർ കഥകളി ഗ്രാമത്തിൽ വച്ച് നടക്കുന്നതായും പതിനഞ്ച് ലക്ഷത്തോളം രൂപ ചിലവ് വരുന്ന പ്രസ്തുത പരിപാടിക്ക് പത്തനംതിട്ട ജില്ലയിലെ ജില്ലാ പഞ്ചായത്ത് അടക്കമുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന ലഭിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവുണ്ടാകണമെന്ന പത്തനംതിട്ട ജില്ലാ കഥകളി ക്ലബ് സെക്രട്ടറിയുടെ അപേക്ഷ റാന്നി എം.എൽ.എ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അയിരൂർ കഥകളിഗ്രാമത്തിൽ വച്ച് 2026 ജനുവരി 5 മുതൽ 11 വരെ നടത്തുന്ന പത്തൊൻപതാമത് അയിരൂർ കഥകളി മേളയ്ക്ക് ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 10,000/- (പതിനായിരം രൂപ മാത്രം) രൂപ വരേയും മുൻസിപ്പാലിറ്റികളിൽ നിന്നും 15000/- (പതിനയ്യായിരം രൂപ മാത്രം) രൂപ വരേയും ജില്ലാ പഞ്ചായത്തിൽ നിന്നും 2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) രൂപ വരെയും അതത് തദ്ദേശ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MUHAMMED NAJEEB T A

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 20-12-2025 16:51:08

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.